**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്-സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ എം.ഡി./സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി പുതുക്കി നിശ്ചയിച്ച്-ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്**

സ.ഉ.(കൈ) നം.**7/ 2022/** പ്ലാനിംഗ് തീയതി, തിരുവനന്തപുരം, **18/ 03/ 2022**

പരാമർശം :- (1) 11.05.2015- ലെ സ.ഉ.(എം.എസ്.) നം.19/ 2015/ പ്ലാനിംഗ്.

(2) 04.11.2019- ലെ സ.ഉ.(എം.എസ്.) നം.27/ 2019/ പ്ലാനിംഗ്.

(3) 06.11.2021- ലെ സ.ഉ.(കൈ) നം.31/ 2021/ പ്ലാനിംഗ്.

(4) 14.02.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം, കമ്പനീസ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ ഉയർന്ന പ്രായപരിധി 75 വയസ്സായും മാനേജിംഗ് ഡയറക്ടർമാരുടെ പ്രായപരിധി 65 വയസ്സായും നിജപ്പെടുത്തിയിരുന്നു. തുടർന്ന് പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ ഉയർന്ന പ്രായപരിധി റദ്ദാക്കി മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി മാത്രം 65 വയസ്സായി നിജപ്പെടുത്തി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമല്ല, മറ്റു കോർപ്പറേഷനുകൾ, സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പൊതുഭരണ സ്ഥാപനങ്ങളിലെയും എം.ഡി./സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 65 വയസ്സായി പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2 എന്നാൽ വിവിധ വകുപ്പുകൾക്കു കീഴിലുള്ള പല സ്ഥാപനങ്ങളിലും, അതാതു മേഖലകളിൽ വൈദഗ്ധ്യമുള്ളവരെയും, പ്രതിഭ തെളിയിച്ചവരെയും നിയമിക്കുന്നതിന് പരാമർശം 3 ലെ ഉത്തരവിൽ നിഷ്കർഷിച്ച പ്രായപരിധി തടസ്സം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റു സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 70 (എഴുപത്) വയസ്സായി നിജപ്പെടുത്തി പരാമർശം 3 ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. സംസ്ഥാന സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./സി.ഇ.ഒ. മാരുടെ ഉയർന്ന പ്രായപരിധി 65 വയസ്സായി തന്നെ തുടരുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സഞ്ജയ് എം. കൗൾ**

**സെക്രട്ടറി**

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ എം.ഡി./ സി.ഇ.ഒ. മാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ്.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).

ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 16-03-2022

ഫയൽ നം. PLGEA-ബി.പി.ഇ.1/176/2021-PLGEA. ഇനം നം: 608

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റു സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ എം.ഡി./സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ പ്രായപരിധി ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

Draft Note for Approval - DFA

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File No. | PLGEA-BPE 1/176/2021-PLGEA |
| 2. | Department | Planning & Economic Affairs (BPE) Department |
| 3. | Subject | Amendment in the maximum age prescribed for Managing Director/Secretary/Director/Chief Executive Officer of all Autonomous/Statutory bodies, Corporations etc., other than Public Sector Undertakings-reg. |
| 4. | Date of Chief Minister's order for placing before the Council | 27.02.2022 |
| 5. | Does the case involve financial commitments / implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | No |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7. | Name of Joint Secretary who submitted the Draft Note | —— |
| 8. | Name of Secretary who approved the Draft Note | Sri. Sanjay M.Kaul |
| 9. | Date of approval of the Draft Note for the Council by the ~~Additional Chief~~ Secretary | 02.03.2022 |
| 10. | Name of Chief Secretary who approved the Draft Note | Dr. V. P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 03.03.2022 |
| 12. | Name of Minister who approved the Draft Note | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | 10.03.2022 |
| 14. | Date of submission of fair copies | 14.03.2022 |
| 15. | Date of decision by the Council of Ministers | |
| 16. | Number & Date of the G.O. letter communicating the decision | |

## Note for the Council of Ministers

This note deals with the proposal for amendment of G.O.(Ms) No.31/2021/P&EA dated 06.11.2021 stipulating the upper agelimit of Managing Director/Secretary/Director/Chief Executive Officer in all Public Sector Undertakings, Autonomous Bodies, Corporations etc., coming under the control of State Government to 65 years, due to the practical issues that arise in implementation of the said Govt. Order.

2. As a first step towards improving the functioning of State Public Sector Undertakings, which are registered under the Companies Act, the upper agelimit of Chairmen of PSUs was fixed as 75 years and that of Managing Directors as 65 years, vide G.O.(Ms)No.19/2015/Plg dated 11.05.2015. However, as the upper age limit for Chairmen was fixed at 75 years, there arose a need to exclude many qualified and skilled persons to be considered for the post of Chairperson. Moreover, the Companies Act, 2013 does not specify any upper agelimit for Chairmen. Hence vide G.O. (Ms)No. 27/2019/Plg dated 04.11.2019, the Govt. Order dated 11.05.2015 fixing the upper agelimit of Chairmen as 75 years was cancelled and the upper agelimit of Managing Directors of State Public Sector Undertakings only has been fixed as 65 years. In continuation to the above Govt. Order, as per G.O. (Ms) No. 31/2021/P&EA dated 06.11.2021 the upper agelimit of Managing Director/Secretary/Director/Chief Executive Officer of all Public Sector Undertakings, Autonomous/Statutory bodies, Corporations etc. coming under the control of State Government was fixed as 65 years.

3. However, in the meeting held on 14.02.2022 under the Chairmanship of Hon'ble Chief Minister, it was pointed out that this agelimit is creating barrier to appointment of experts and talented persons in the relevant field in various institutions especially under the Cultural Affairs and General Education Departments and therefore it was decided that the matter of issuing an amendment order limiting the maximum age prescribed for Managing Director/Secretary/Director/Chief Executive

Officer of all other institutions other than Public Sector Undertakings as 70 years may be placed before the Council of Ministers for consideration.

4. Based on the decision taken in the meeting held on 14.02.2022 under the Chairmanship of Hon'ble Chief Minister, the matter is placed before the Council of Ministers for consideration.

**Point for Decision**

Whether orders may be issued to limit the maximum age prescribed for Managing Director/Secretary/Director/Chief Executive Officer of all Autonomous/Statutory bodies, Corporations etc., other than Public Sector Undertakings, coming under the control of State Government to 70 years, amending G.O.(Ms)No.31/2021/P&EA dated 06.11.2021?

കരട് കുറിപ്പ് അംഗീകാരത്തിന് 23

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നം. | PLGEA-ബി.പി.ഇ. 1/176/2021-PLGEA |
| 2. | വകുപ്പ് | ആസൂത്രണ സാമ്പത്തിക കാര്യ (ബി. പി. ഇ.) വകുപ്പ് |
| 3. | വിഷയം | പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ എം.ഡി./ സെക്രട്ടറി/ ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ പ്രായപരിധി ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.02.2022 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | —— |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. സഞ്ജയ് എം.കൗൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.03.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.03.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.03.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.03.2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള എല്ലാ പൊതുഭരണ സ്ഥാപനങ്ങളിലെയും മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 65 വയസ്സായി പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 06.11.2021 ലെ സ.ഉ. (കൈ) നം. 31/2021/പ്ലാനിംഗ് നമ്പർ ഉത്തരവ് നടപ്പാക്കുന്നതിൽ ചില പ്രായോഗിക പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിന് ഭേദഗതിവരുത്തുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പരിഗണിക്കുന്നത്.

✓Flag C

2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ പ്രഥമ നടപടിയായി കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പ്രായപരിധി 75 വയസ്സായും മാനേജിംഗ് ഡയറക്ടർമാരുടെ പ്രായപരിധി 65 വയസ്സായും നിജപ്പെടുത്തി 11.05.2015 ലെ സ.ഉ.(എം.എസ്.) നം. 19/2015/പ്ലാനിംഗ് നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചെയർമാൻമാരുടെ ഉയർന്ന പ്രായപരിധി ഇപ്രകാരം 75 വയസ്സായി നിജപ്പെടുത്തിയതു കാരണം പ്രസ്തുത സ്ഥാനത്തേക്ക് പരിഗണിക്കാൻ അർഹതയുള്ള, പ്രാവീണ്യമുള്ള പലരേയും ഒഴിവാക്കേണ്ട സാഹചര്യം നിലനിന്നതിനാലും, 2013 ലെ കമ്പനീസ് ആക്ടിൽ ചെയർമാൻമാരുടെ ഉയർന്ന പ്രായപരിധി നിഷ്കർഷിച്ചിട്ടില്ലാത്തതിനാലും 11.05.2015 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി മാത്രം 65 വയസ്സായി നിജപ്പെടുത്തി 04.11.2019 ലെ സ.ഉ.(എം.എസ്)നം. 27/2019/പ്ലാനിംഗ് പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള എല്ലാ പൊതുഭരണ സ്ഥാപനങ്ങളിലെയും മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 65 വയസ്സായി പുതുക്കി നിശ്ചയിച്ചുകൊണ്ട് 06.11.2021 ൽ സ.ഉ.(കൈ) നം. 31/2021/പ്ലാനിംഗ് നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

x Flag A

x Flag B

✓Flag C

3. എന്നാൽ സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾക്കു കീഴിലുള്ള പല സ്ഥാപനങ്ങളിലും അതാതു മേഖലകളിൽ വൈദഗ്ധ്യമുള്ളവരെയും പ്രതിഭ തെളിയിച്ചവരെയും നിയമിക്കുന്നതിന് പ്രസ്തുത പ്രായപരിധി തടസ്സം സൃഷ്ടിക്കുന്നതായി 14.02.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റു സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 70 വയസ്സായി നിജപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ യോഗത്തിൽ തീരുമാനിച്ചിരുന്നു.

4. 14.02.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ച പ്രകാരം പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന് മുൻപാകെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

**തീരുമാനിക്കേണ്ട വിഷയം**

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റു സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ പ്രായപരിധി 70 (എഴുപത്) വയസ്സായി നിജപ്പെടുത്തി, 06.11.2021 ലെ സ.ഉ.(കൈ) നം. 31/2021/പ്ലാനിംഗ് നമ്പർ ഉത്തരവിൽ ഭേദഗതി വരുത്താമോ?